**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2238** **01-09-2022 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീയിലൂടെയുള്ള ലൈവ് ലിങ്കേജ് വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീയിലൂടെയുള്ള ലൈവ് ലിങ്കേജ് വായ്പ എത്ര കോടി രൂപ സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | **കഴിഞ്ഞ മൂന്ന് വർഷക്കാലമായി 9232 കോടിയുടെ വായ്പയാണ് അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് മാർഗ്ഗം വിതരണം ചെയ്തിരിക്കുന്നത്. ആയതിൽ 7134 കോടി രൂപയുടെ ലൈവ് ലിങ്കേജ് വായ്പയാണ് നിലവിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് ഉള്ളത്.** |
| (ബി) | എത്ര കുടുംബശ്രീകൾക്ക് ഈ വായ്പ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | **2.05 ലക്ഷം അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് ലിങ്കേജ് വായ്പ നിലവിലുണ്ട്.** |
| (സി) | ഇത്തരം വായ്പകൾ സമൂഹത്തിലുണ്ടാക്കുന്ന പ്രതികരണം എങ്ങനെയാണെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | **അയൽക്കൂട്ടങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് തുടർച്ചയായി ലഭ്യമാകുന്ന പ്രസ്തുത വായ്പ പദ്ധതി 45 ലക്ഷം കുടുംബങ്ങൾക്കാണ് കൈത്താങ്ങാകുന്നത്. അവരുടെ ജീവിതത്തിലെ വലിയ ചെലവുകൾക്ക് പ്രധാനമായും അടിസ്ഥാന സൗകര്യമായ വീട്, കുട്ടികളുടെ പഠിത്തം, വിവാഹം തുടങ്ങിയവയ്ക്ക് ഈ തുക വിനിയോഗിക്കാൻ അവർക്ക് കഴിയുന്നുണ്ട്. കൂടാതെ ലിങ്കേജ് വായ്പയിലൂടെ കോഴിവളർത്തൽ, ആടുവളർത്തൽ, അടുക്കളത്തോട്ട നിർമ്മാണം മുതൽ പലതരം വരുമാന മാർഗ്ഗങ്ങൾക്ക് മൂലധനം കണ്ടെത്താനും അവർക്ക് കഴിയുന്നുണ്ട്.** |
| (ഡി) | ഗ്രാമീണ സമ്പദ്ഘടനയിൽ കഴിഞ്ഞ 5 വർഷക്കാലമായി ഇത്തരം വായ്പകൾ ഉണ്ടാക്കിയ ചലനങ്ങൾ വിശദമാക്കാമോ? | (ഡി) | **ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഒരു ഉപാധിയാണ് ബാങ്ക് വായ്പ. യാതൊരു ഈടുമില്ലാതെ സംഘത്തിന്റെ കൂട്ടുത്തരവാദിത്തത്തിൽ നൽകുന്ന ഈ വായ്പ ദരിദ്രരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നിലവിലെ സ്ഥിതിവിവര കണക്കനുസരിച്ച് ഇന്ത്യയിൽ ഇന്നും ആകെ ജനസംഖ്യയുടെ പകുതിയോളം പേർ ഫോർമൽ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും പുറത്താണ്. ഇതിൽ നിന്നും വ്യത്യസ്തമായി കേരള ജനതയുടെ 60% കുടുംബങ്ങളെ പ്രതിനിധീകരിക്കുന്ന കുടംബശ്രീ അതായത് 46 ലക്ഷം അയൽക്കൂട്ട അംഗങ്ങൾക്ക്** |

| | | | | |
|---|---|---|---|---|
| | | | | പ്രത്യക്ഷമായോ പരോക്ഷമായോ ബാങ്കിംഗ് സേവനം ലഭ്യമാക്കിവരുന്നുണ്ട്. കഴിഞ്ഞ 20 വർഷക്കാലമായി കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കി ബാങ്ക് വായ്പ പദ്ധതിയെ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്. ബാങ്ക് വായ്പ വഴി വലിയ സാമ്പത്തിക ആവശ്യങ്ങൾ അതായത് സംരംഭങ്ങൾക്ക് ആവശ്യമായ മൂലധനം കണ്ടെത്തുക, ആസ്തി സ്വരൂപിക്കുക, കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം നൽകുക എന്നിവയ്ക്കായി കൊള്ളപ്പലിശക്കാരെ ആശ്രയിക്കാതെ പണം കണ്ടെത്തുന്നതിന് കുടുംബശ്രീ കുടുംബാംഗങ്ങൾക്ക് കഴിയുന്നുണ്ട്. പ്രളയം, കൊവിഡ് തുടങ്ങിയ പ്രതിസന്ധികളെ തരണം ചെയ്യാനായി സർക്കാർ കുടുംബശ്രീ വഴി നടപ്പിലാക്കിയ റീ-സർജെന്റ് കേരള ലോൺ സ്കീം (ആർ.കെ.എൽ.എസ്) മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (സി.എം.എച്ച്.എച്ച്.എൽ.എസ്) തുടങ്ങിയ പലിശരഹിത ബാങ്ക് വായ്പാ പദ്ധതികൾ വലിയ ദുരന്തത്തെ അതിജീവിക്കാനും സാമ്പത്തിക പുനരുജ്ജീവനം സാധ്യമാക്കാനും സാധാരണക്കാർക്ക് ഏറെ സഹായകമായി. |

സെക്ഷൻ ഓഫീസർ